പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.2490

09.12.2014-ൽ മറുപടിയ്ക്ക്

**ആലപ്പുഴ കെ.എസ്.ഡി.പി.യുടെ നഷ്ടം നികത്താൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ കെ.എസ്.ഡി.പി-യിലെ ഉത്പാദനം, കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി ഗണ്യമായി കുറഞ്ഞുവരുന്നതും കോടികളുടെ നഷ്ടം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതിന് കാരണക്കാരായവർ ആരെല്ലാമാണെന്ന് പറയാമോ? | (എ) ഉണ്ട്; ഇത് പ്രധാനമായും മുൻകാലങ്ങളിൽ വിറ്റാമിൻ എ യ്ക്ക് നൽകിയതും ഇപ്പോൾ പ്രവർത്തനമില്ലാത്തതുമായ വിറ്റാമിൻ എ പദ്ധതിയ്ക്ക് നൽകിയ വായ്പയുടെ പലിശയിനത്തിലെ വർദ്ധനവ്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് ലഭിച്ച ഓർഡറുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം വിലയിൽ വന്ന കുറവ്, ഉൽപ്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ആവശ്യമായ ഓർഡറുകൾ ലഭിക്കാത്തത്, പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാതെവന്ന സാഹചര്യം അതിന്മേൽ വന്ന വായ്പയുടെ പലിശ എന്നീ കാരണങ്ങളാണ് ഇതിന് കാരണമായത്. |
| (ബി) റാണിറ്റിഡിൻ ഗുളികൾ പോലുള്ള മരുന്നുകളുടെ ഉത്പാദനം ആലപ്പുഴ കെ.എസ്.ഡി.പി-യിൽ പരാജയപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്താണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്; റാണിറ്റിഡിൻ ഗുളികകൾ പാക്ക് ചെയ്യേണ്ടത് സ്ട്രിപ്പ് പാക്കിംഗ് ടെക്നോളജി ഉപയോഗിച്ചാണ്. എന്നാൽ മുൻകാലങ്ങളിൽ ബ്ലിസ്റ്റർ പാക്ക് ടെക്നോളജി ഉപയോഗിച്ചതാണ് മരുന്നിന്റെ ഉൽപ്പാദനം പരാജയപ്പെടാൻ കാരണം. |

ഗുളികകൾ നല്ല രീതിയിൽ ഉത്പാദിപ്പിക്കാൻ കഴിഞ്ഞെങ്കിലും പാക്കിംഗിൽ വന്ന പോരായ്മയാണ് ഇതിന്റെ പ്രധാനകാരണമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ലിപ്പ് പാക്ക് ചെയ്യാനുള്ള ക്രമീകരണങ്ങൾ എടുത്തിട്ടുണ്ട്. അതോടൊപ്പം അന്തരീക്ഷത്തിലെ ഈർപ്പം ടി മരുന്നിന്റെ ഉത്പാദനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. ഇത് നിയന്ത്രിച്ച് നിർത്തുന്നതിനുള്ള സ്ഥിരം സംവിധാനം കെ.എസ്.ഡി.പിയുടെ നോൺ ബീറ്റാലാക്ടം പ്ലാന്റിൽ ഇല്ല. എങ്കിലും ലഭ്യമായിട്ടുള്ള താൽക്കാലിക സംവിധാനം ഉപയോഗിച്ച് ടി മരുന്നിന്റെ ഉത്പാദനം നടത്തുവാനുള്ള ക്രമീകരണങ്ങൾ എടുത്തിട്ടുണ്ട്.

**(സി)** ആലപ്പുഴ കെ.എസ്.ഡി.പി-യിൽ ഒഴിവുള്ള അസിസ്റ്റന്റ് ഗ്രേഡ് II, ഡ്രൈവർ തസ്തികകളിലേയ്ക്ക് പി.എസ്.സി വഴി നിയമനം നടത്താത്തത് എന്തുകൊണ്ടാണെന്ന് പറയാമോ; മാനേജ്മെന്റിന് താല്പര്യമുള്ളവരെ താല്ക്കാലിക സ്വഭാവത്തിൽ എട്ടും പത്തും വർഷങ്ങളായി അവിടെ നിലനിർത്തിയിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**(സി)** കെ.എസ്.ഡി.പി.യിൽ അസിസ്റ്റന്റ് ഗ്രേഡ് II എന്ന ഒരു തസ്തിക നിലവിലില്ല. ജൂനിയർ അസിസ്റ്റന്റ്, ഡ്രൈവർ ഗ്രേഡ് II എന്നീ തസ്തികകളുടെ ഒഴിവുകൾ 18.7.2011-ലും, പിന്നീട് 04.08.2012, 06.11.2012, 26.03.2013, 29.5.2013 എന്നീ തീയതികളിലെ കത്തുകൾ മുഖേനയും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി ജീവനക്കാരുടെ കുറവ് നികത്തുന്നതിനായി കമ്പനിയിലെ ഉത്പാദനത്തെയും, വിതരണത്തെയും ബാധിക്കാത്ത രീതിയിൽ താത്ക്കാലിക ജീവനക്കാരെ ആവശ്യമുള്ള ദിവസങ്ങളിൽ മാത്രം ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ